ശ്രീ. സി. കേശവൻ: ഈ അദ്ധ്യാപകന്മാരുടെ ശമ്പളത്തെസംബന്ധിച്ചി ടത്തോളം ഗവണ്മെൻറ നിശ്ചയിക്കുന്ന ശമ്പളം കൊടുക്കുന്നതിനു അവർ തയാ റാകണം.

പട്ടികജാതി വിദ്യാർത്ഥികൾക്കു് ലഭിക്കുന്ന സഹായധനം

* ൧൯൩. (൪) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോ ദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പ റയുമോ.

(എ) വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന പട്ടികജാതിയിൽ പ്പെട്ട വിദ്യാർത്ഥികൾക്കു് ഇന്നു ലഭിക്കുന്ന സഹായധനം അവരുടെ ആവശ്യങ്ങ ൾക്കു് മതിയാകുന്നില്ല എന്നു് വല്ല നിവേദനവും ഗവണ്മെൻറിനു ലഭിച്ചി ട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തുനടപടി നടത്തി എന്നു പറയുമോ;

(ബി) പിന്നോക്കസമുദായ ക്രിസ്ത്യാനികളിൽനിന്നും ഹിന്ദുക്കളായി പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളവരിൽനിന്നും ഫീസ് ഈടാക്കിയിട്ടുണ്ടോ? അ ങ്ങിനെ പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളവർക്കും വിദ്യാർത്ഥിവേതനം നൽകിയിട്ട ുണ്ടോ എന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ).

(എ) ഉണ്ടു്.

സർവ്വസാധാരണമായി സഹായധനം വർദ്ധിപ്പിക്കേണ്ടതില്ലെന്നു നിശ്ചയി ച്ചിട്ടുണ്ടു്.

(ബി) അവരിൽനിന്നും ഫീസ് ഈടാക്കിയിട്ടുണ്ടായിരിക്കാം. എ ന്നാൽ പിന്നിടു് പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കു് സ്കൂളുകളി ലോ കാളേജുകളിലോ പഠിക്കുന്നതനുസരിച്ചു മുഴുവൻ ഫീസ് സൗജന്യമോ വി ദ്യാർത്ഥിവേതനമോ നൽകിയിട്ടുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി. അവരിൽനിന്നും മുഴുവൻ ഫീസും ഈടാ ക്കിവരുന്നതിനെപ്പറ്റി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ. അങ്ങിനെ പരാതികൾ ലഭിച്ചിട്ടുള്ളതായി അറി വില്ല. മുഴുവൻ ഫീസും ഈടാക്കിയിട്ടുണ്ടെങ്കിൽ ഈടാക്കിയിട്ടുള്ള ഫീസ് തി രിച്ചുകൊടുക്കുന്നതിനെപ്പറ്റി ആലോചിക്കാം.

ഹരിജൻ വിദ്യാർത്ഥികളുടെ താമസം

* ൧൯൪ (൫) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി. താഴെപറയുന്ന ചോ ദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവനന്തപുരം ഹിന്ദുമഹിളാമന്ദിരം, ആനന്ദനിലയം, ശ്രീരാ മകൃഷ്ണാശ്രമം മുതലായ സ്ഥാപനങ്ങളിൽ ഹരിജൻ വിദ്യാർത്ഥികളെ താമസി പ്പിച്ചുവരുന്നതായി ഗവണ്മെൻറിനു അറിയാമോ;

(ബി) ഈ സ്ഥാപനങ്ങൾ പിന്നോക്കസമുദായങ്ങളുടെ വിദ്യാഭ്യാസപ രമായ കാര്യങ്ങളിൽ സഹായകമായിരുന്നതായി ഗവണ്മെൻറിനു ബോദ്ധ്യപ്പെ ട്ടിട്ടുണ്ടോ;

(സി) ഈ സ്ഥാപനങ്ങൾക്കു മുൻ ഗവണ്മെൻറ് ചെയ്തിരുന്ന സഹായ ങ്ങൾ ജനകീയഗവണ്മെൻറ് പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പിൻവലിക്ക വാനുണ്ടായ സാഹചര്യങ്ങളെന്തെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ). (എ) അറിയാം.

LIBRARY ARCHIVES Kerala Legislative Assembly